(ബി) താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ടി സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളത്.

1. ഈ ജോലിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവർത്തി പരിചയം.

2. താഴെ പറയുന്ന തരത്തിലുള്ള ആറു വാഹനങ്ങളെങ്കിലും ഉണ്ടായിരിക്കണം.

    1. അംബാസിഡർ (Non A/C)-2
    2. അംബാസിഡർ (A/C) - 2
    3. കോണ്ടസ - 2
    4. ലാൻസർ - 2
    5. ഓപ്പൽ ആസ്ട്ര - 2
    6. ഫോർഡ് - 2

3. വകുപ്പിന്റെ പെട്ടെന്നുള്ള ആവശ്യത്തിലേക്ക് 50 കാറുകൾ വരെ ഒന്നിച്ച് 24 മണിക്കൂറിനുള്ളിൽ നൽകണം.

4. മേൽപ്പറഞ്ഞ കാറുകളുടെ എണ്ണത്തിൽപ്പെടാത്ത ബെൻസ് കാർ, ബസ് ഇവ ആവശ്യമെന്ന് കണ്ടാൽ നൽകണം.

5. കരാറിൽ ഏർപ്പെടുന്ന ഏജൻസിക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 25 ലക്ഷം രൂപയുടെ വരുമാനം ഉണ്ടായിരിക്കണം.

6. ഏജൻസിക്ക് കോർപ്പറേഷൻ, മുനിസിപ്പൽ ഏരിയകളിൽ ഓഫീസും ടെലഫോൺ സൗകര്യവും ഉണ്ടായിരിക്കണം.

(സി) ഇതുവരെ പേമെന്റ് നൽകിയിട്ടില്ല.

തസ്തിക വെട്ടിക്കുറയ്ക്കുന്ന നടപടി

99 (4707) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിലെ നിലവിലുള്ള ഏതെങ്കിലും വിഭാഗമോ തസ്തികകളോ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർത്തലാക്കുന്ന വിഭാഗവും തസ്തികകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മന്ത്രി മന്ദിരങ്ങളിലേയും ഗസ്റ്റ് ഹൗസുകളിലേയും ഗാർഡനർ തസ്തിക നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത ജോലി നിർവ്വഹിക്കുന്നതിന് ഏർപ്പെടുത്തിയ ബദൽ സംവിധാനം എന്താണ് ;

(ഡി) പുന്തോട്ടം സൂക്ഷിക്കുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതല ഏൽപ്പിക്കാൻ ആലോചിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏതെങ്കിലും ഏജൻസികളുമായി ഇക്കാര്യത്തിൽ സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ കരാറിലെ പൂർണ്ണ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൂറിസം വകുപ്പിലെ താഴെപ്പറയുന്ന തസ്തികകൾ നിറുത്തലാക്കാൻ സർക്കാർ വകുപ്പുകളിലെ അധികം ഉള്ള ജീവനക്കാരെ കണ്ടെത്തുന്നതിനുള്ള സെക്രട്ടറിതല സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

1.	കമ്പ്യൂട്ടർ	-	1
2.	പ്രൊജക്ഷനിസ്റ്റ്	-	1
3.	ഓവർസീയർ ഗ്രേഡ്	-	1
4.	ലാസ്കർ	-	2
5.	വെയിറ്റർ	-	3
6.	മസാൽച്ചി	-	1
7.	പാർട്ട് ടൈം ഗാർഡനർ	-	3
8.	പാർട്ട് ടൈം സ്വീപ്പർ	-	5
9.	ബോട്ട് സ്രാങ്ക്	-	4
10.	ബോട്ട് ഡ്രൈവർ	-	4
11.	ഡെക്ക്മാൻ	-	6
12.	ബോട്ട് ക്ലീനർ	-	1
13.	ബോട്ട് വാച്ചർ	-	1
	ആകെ		33

ഇത് സംബന്ധിച്ച അന്തിമ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ടൂറിസം വകുപ്പിലെ ഗാർഡനർ തസ്തിക വാനിഷിംഗ് കാറ്റഗറി ആയി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) ഗാർഡനർ തസ്തിക നിർത്തലാക്കിയിട്ടില്ല. ഇനി മേലിൽ ഈ തസ്തികയിൽ നിയമനം നടത്തേണ്ടതില്ലെന്നാണ് തീരുമാനം. പൂന്തോട്ടങ്ങളുടെ പരിപാലനം ഈ മേഖലയിൽ പരിചയ സമ്പന്നരായ ഏജൻസികളെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത ഏജൻസികളെ ടെൻഡർ മുഖേന തെരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ സംവിധാനം നിലവിൽ വരുന്നതുവരെ നിലവിലുള്ള സംവിധാനം തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

കോവളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുവാൻ നടപടി

100 (4708) ശ്രീ. പി. ജെ. ജോയി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര സാദ്ധ്യതകളെപ്പറ്റിയുള്ള എന്തെങ്കിലും പഠന റിപ്പോർട്ട് 2002 ആഗസ്റ്റിൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിനോദസഞ്ചാരികളുടെ വരവ് കൂടുന്നതായാണോ കുറയുന്നതായാണോ പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത് ;

(സി) കോവളത്തുള്ള വിനോദസഞ്ചാരികളുടെ വരവ് കുറഞ്ഞിട്ടുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ കോവളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കോവളത്തിന്റെ വികസനത്തെപ്പറ്റി ശാസ്ത്രീയ പഠനം നടത്തുന്നതിന് രൂപീകരിക്കപ്പെട്ട മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ട് 2002 ആഗസ്റ്റിൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) 1998 മുതൽ 2000 വരെയുള്ള കണക്ക് ടി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 1998-ൽ 1,89,941-ഉം 2000-ൽ 2,09,933-ഉം വിനോദസഞ്ചാരികൾ എത്തിച്ചേർന്നിട്ടുണ്ട്.

(ഡി) ഒരു അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ ഇപ്പോൾതന്നെ കോവളം ലോകശ്രദ്ധയാകർഷിച്ചിട്ടുണ്ട്. കോവളത്ത് വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി റോഡുകൾ, ശുദ്ധജല സംവിധാനം, ഡ്രെയിനേജ്, മാലിന്യസംസ്ക്കരണം, പാർക്കിംഗ് സൗകര്യം എന്നിവ ഒരുക്കുന്നതിന് മുന്തിയ പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കോവളത്തെ അശോക ബീച്ച് റിസോർട്ട്

101 (4709) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളത്തെ അശോക് ബീച്ച് റിസോർട്ട് കേന്ദ്ര ഗവൺമെന്റ് സ്വകാര്യ വ്യക്തിക്ക് വിൽപ്പന നടത്തിയ അവസരത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly